അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശ സ്വയം ഭരണ വകുപ്പ് (എൽ ഐ ഡി & ഇഡബ്ല്യു) സെക്ഷൻ
എലവഞ്ചേരി ഗ്രാമപഞ്ചായത്ത്

Office No.:04923-266410
Email ID : aelsgdelygp@gmail.com

No. AE/LSGD/ELY GP/26-27 Date: 20.06.2026

## വാഹന ക്വട്ടേഷൻ പരസ്യം

എലവഞ്ചേരി ഗ്രാമപഞ്ചായത്ത് ഓഫീസിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിന്റെ ഔദ്യോഗിക ഉപയോഗത്തിനായി എ.സി കാർ/ജീപ്പ് പ്രതിമാസ വാടകക്ക് നൽകുവാൻ താത്പര്യമുള്ള വാഹന ഉടമകളിൽ നിന്നും മത്സര സ്വഭാവമുള്ള മുദ്രവച്ച ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു.

ക്വട്ടേഷൻ സമർപ്പിക്കേണ്ട വിലാസം : അസിസ്റ്റന്റ് എഞ്ചിനീയർ
തസ്വഭവ (LID & EW)സെക്ഷൻ
എലവഞ്ചേരി ഗ്രാമ പഞ്ചായത്ത്.

ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയ്യതി : 29.06.2026 കാലത്ത് 11 മണി വരെ

ക്വട്ടേഷൻ തുറക്കുന്ന സമയം : 29.06.2026 ഉച്ചയ്ക്ക് 3 മണി

### വ്യവസ്ഥകൾ

1. പ്രതിമാസം പരമാവധി 2000 കിലോമീറ്റർ വാഹനം ഓടിക്കാനാവശ്യമായ കുറഞ്ഞ തുകയാണ് രേഖപ്പെടുത്തേണ്ടതാണ്.
2. താത്കാലികമായി ക്വട്ടേഷൻ അംഗീകരിക്കപ്പെട്ട വാഹന ഉടമ സ്വന്തം ചെലവിൽ 450/- രൂപയുടെ മുദ്രപത്രത്തിൽ ക്വട്ടേഷൻ അംഗീകരിച്ച് 7 ദിവസത്തിനുള്ളിൽ അന്തിമ കരാർ വയ്ക്കേണ്ടതാണ്.
3. ഇന്ധന ചെലവ് , വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ, ഡ്രൈവറുടെ ശമ്പളം, ബാറ്റ, വാഹനത്തിന്റെ ടാക്സ്, ഇൻഷ്വറൻസ് തുടങ്ങിയ മറ്റ് എല്ലാ ചെലവുകളും വാഹന ഉടമ വഹിയ്ക്കേണ്ടതാണ്.ആയത് ഉൾപ്പെടെയുള്ള തുകയാണ് ക്വട്ടേഷനിൽ ക്വോട്ട് ചെയ്യേണ്ടത്.
4. വാഹനത്തിനും, ഡ്രൈവർക്കും ടാക്സി പെർമിറ്റ് ഉൾപ്പെടെ നിയമപരമായ എല്ലാ രേഖകളും ഉണ്ടായിരിയ്ക്കേണ്ടതും ആയതിന്റെ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിയ്ക്കേണ്ടതുമാണ്.
5. ഓഫീസ് മേധാവിയുടെ നിർദ്ദേശങ്ങൾ പാലിക്കാതെ വന്നാൽ 7 ദിവസം മുമ്പ് നോട്ടീസ് നൽകി കരാർ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം ഓഫീസ് മേധാവിയിൽ നിക്ഷിപ്തമായിരിയ്ക്കും.
6. വാഹനം മികച്ച പ്രവർത്തനക്ഷമതയുള്ളതും, എ.സി ഉള്ളതും, കാലപ്പഴക്കം 5 വർഷത്തിൽ അധികരിക്കാത്തതും ആയിരിയ്ക്കണം.
7. ഈ ക്വട്ടേഷന് കോ-ഓർഡിനേഷൻ കമ്മിറ്റി നം.4-11 ,തീയ്യതി ; 15.10.22 തീരുമാനം ബാധകമായിരിക്കുന്നതാണ്.

8. വാഹന ഉടമയ്ക്ക് ഇൻകംടാക്സ് ഡിപ്പാർട്ട്മെൻറിൽ നിന്നും ലഭിച്ച PAN ഉണ്ടായിരിയ്ക്കേണ്ടതാണ്.
9. ക്വട്ടേഷൻ അംഗീകരിച്ചു ലഭിയ്ക്കുന്ന വ്യക്തി 10000/- (പത്തായിരം) രൂപയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഓഫീസ് മേലധികാരിയുടെ പേരിൽ പ്ലെഡ്ജ് ചെയ്തത് ഹാജരാക്കേണ്ടതാണ്. ഈ ജാമ്യ നിക്ഷേപം കരാർ കാലാവധി കഴിയുമ്പോൾ മടക്കി നൽകുന്നതും കരാർ വ്യവസ്ഥകൾ ലംഘിക്കപ്പെടുന്ന സാഹചര്യങ്ങൾ ഉണ്ടാകുന്ന പക്ഷം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതുമാണ്.
10. വാഹനം എന്തെങ്കിലും അടിയന്തര സാഹചര്യം മൂലം നൽകാൻ കഴിയാതെ വന്നാൽ പകരം സംവിധാനം വാഹന ഉടമ തന്നെ ഏർപ്പെടുത്തേണ്ടതാണ്.
11. അവധി ദിനങ്ങൾ ഉൾപ്പടെ ഏതു ദിവസവും ഓഫീസ് മേധാവി ആവശ്യപ്പെട്ടാൽ വാഹനം ലഭ്യമാക്കേണ്ടതാണ്.
12. കരാർ സമയത്തെ അംഗീകരിക്കുന്ന നിരക്കിൽ കരാർ കാലയളവിൽ ഉണ്ടായേക്കാവുന്ന ഇന്ധനവില വർദ്ധനവ് പരിഗണിക്കുന്നതല്ല.
13. ലോഗ് ബുക്ക് സൂക്ഷിക്കേണ്ടതും യാത്ര സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി പരിശോധനക്ക് സമർപ്പിക്കേണ്ടതുമാണ്.
14. ഓഫീസിൽ നിന്നും പുറപ്പെട്ട് ഓഫീസിൽ തിരിച്ചെത്തുന്ന ദൂരം ആയിരിയ്ക്കും കിലോമീറ്റർ കണക്കാക്കുന്നതിന് പരിഗണിക്കുക.
15. ക്വട്ടേഷൻ ഇതോടൊപ്പം ചേർത്തിട്ടുള്ള മാതൃക ഫോറത്തിൽ സമർപ്പിയ്ക്കേണ്ടതാണ്. ക്വട്ടേഷനുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഈ കാര്യാലയത്തിൽ നിന്നും അറിയാവുന്നതാണ്.
16. എലവഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന എല്ലാ സ്ഥലങ്ങളിലേയ്ക്കും, കൂടാതെ ഓഫീസ് മേധാവി ആവശ്യപ്പെടുന്ന സ്ഥലങ്ങളിലേയ്ക്കും വാഹനം ഓടിയ്ക്കുവാൻ വാഹന ഉടമ ബാദ്ധ്യസ്ഥനാണ്.
17. ഈ ഓഫീസ് ആവശ്യത്തിനായി വാഹനം ഓടുമ്പോൾ ഓഫീസ് മേധാവി ആവശ്യപ്പെടുന്ന രീതിയിലുള്ള നെയിം ബോർഡുകൾ വാഹനത്തിന്റെ മുൻവശത്ത് സ്ഥാപിക്കാൻ വാഹന ഉടമ ബാദ്ധ്യസ്ഥനാണ്.
18. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന എല്ലാ നിർദ്ദേശങ്ങളും ഈ ക്വട്ടേഷനും ബാധകമായിരിക്കുന്നതാണ്.

Sd/-

അസിസ്റ്റന്റ് എഞ്ചിനീയർ (LID&EW)

OFFICE OF THE ASSISTANT ENGINEER ★ LID&EW Section ★ Elavancherry Gramapanchayath PIN 678 508

SOBHANA N R
PEN 674759
Assistant Engineer (LID &EW Section)
Elavancherry Grama Panchayath
Elavancherry P.O, Palakkad-678508

## വാഹന ക്വട്ടേഷൻ

| | |
|---|---|
| ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ പേര് | |
| മേൽ വിലാസം | |
| ഫോൺ നം. | |
| വാഹനത്തിന്റെ തരം | |
| വാഹനത്തിന്റെ മോഡൽ | |
| വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ | |
| വാഹനത്തിന്റെ രജിസ്ട്രേഷൻ തീയ്യതി | |
| 2000 കിലോമീറ്റർ വാഹനം ഓടിക്കാൻ ആവശ്യമായ നിരക്ക് (Per KM) | |

സ്ഥലം :

തിയതി :

ഒപ്പ്:

ക്വട്ടേഷൻ സമർപ്പിക്കുന്ന

വ്യക്തിയുടെ പേര്:

മേൽവിലാസം :